മനോഹരമായി പണികഴിപ്പിക്കുന്ന

പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സിലെ കബറിടം

(പ. കാതോലിക്കാബാവാ തിരുമനസ്സിലെ കല്പന)

വാത്സല്യമക്കളെ,

ദിവംഗതനായ മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സിലെ സ്ഥാനത്തിനും മഹിമയ്ക്കും അനുയോജ്യമായ വിധത്തിൽ തിരുമനസ്സിലെ കബറിടം പണികഴിപ്പിക്കേണ്ടതു് നമ്മുടെ ചുമതലയാണല്ലൊ. തിരുമേനി കാലംചെയ്തശേഷം രണ്ടു വർഷങ്ങളും കഴിഞ്ഞിട്ടും ശരിയായ ഒരു കബറിടം പണിയിക്കപ്പെടാതിരിക്കുന്നതിനെപ്പറ്റി നമുക്കെന്നെന്നവണ്ണം നിങ്ങൾക്കും കുണ്ഠിതമുണ്ടെന്നു നമുക്കറിയാം. 16 വർഷം മെത്രാപ്പോലീത്തായായും 34 വർഷം പൗരസ്ത്യ കാതോലിക്കാ ആയും ഇത്രനീണ്ട അര ശതാബ്ദക്കാലം പ്രധാനാചാര്യശുശ്രൂഷ നിർവ്വഹിച്ചു് പല ക്ലേശങ്ങളും സഹിച്ചു് വി. സഭയെ നയിച്ചു് സമാധാനത്തിന്റെ പൊൻപുലരിയിലെത്തിച്ചു്, സഭാംഗങ്ങളായ ഏവരുടെയും ഹൃദയംനിറഞ്ഞ സ്നേഹാദരങ്ങളെ സമാർജ്ജിക്കുകയും നിത്യസ്മരണയ്ക്കു് അർഹനായിത്തീരുകയും ചെയ്തിട്ടുള്ള പരിശുദ്ധ പിതാവിന്റെ കബറിടം അതു് അർഹിക്കുന്ന വിധം പണി കഴിപ്പിക്കേണ്ടതാണു്. (അതിനു പര്യാപ്തമായ ഒരു പ്ലാൻ തയ്യാറാക്കിക്കിട്ടുന്നതിനുണ്ടായ കാലതാമസം മൂലമാണു് ഇതുവരെ കബറിടപ്പണി ആരംഭിക്കാൻ സാധിക്കാഞ്ഞതു്) കബറിടനിർമ്മാണത്തിനുവേണ്ടി നമ്മുടെ മാനേജിംഗ് കമ്മിറ്റിയുടെ ആലോചനയോടുകൂടി നാം ഒരു പ്രത്യേക കമ്മിറ്റിയെ നിയമിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ അഭിപ്രായത്തിൽ മറ്റൊരു പ്ലാൻ തയ്യാറാക്കി നമുക്കു സമർപ്പിക്കുകയും അതു നാം അംഗീകരിക്കുകയും ചെയ്തിട്ടുണ്ടു്. ഇനി ഉടനടി പണി ആരംഭിക്കേണ്ടിയിരിക്കുന്നു.

തയ്യാറാക്കപ്പെട്ടിട്ടുള്ള പ്ലാൻ അനുസരിച്ചു് കബറിടമന്ദിരത്തിനും കബറിനുംകൂടി ഒന്നര ലക്ഷത്തോളം രൂപാ വേണ്ടിവരും എന്നാണു് കണക്കാക്കപ്പെട്ടിട്ടുള്ളതു്. സഭാമക്കൾക്കു് പരിശുദ്ധ പിതാവിനോടുള്ള ഭക്തിയുടെയും, കൃതജ്ഞതയുടെയും, തിരുമേനിയെക്കുറിച്ചുള്ള തങ്ങളുടെ പാവനസ്മരണയുടെയും ഒരു ദൃശ്യമായിരിക്കത്തക്കവണ്ണം കബർ കലാഭംഗിയുള്ളതും, ഭക്ത്യാദീപകവും ആകണമെന്നും, സഭാംഗങ്ങളുടെ സ്നേഹത്തിനേറ്റതായ സംഭാവനകൊണ്ടു് അതിന്റെ പണി നിർവ്വഹിക്കപ്പെടണമെന്നും നാം ആഗ്രഹിക്കുന്നുണ്ടു്. നാം ആവശ്യപ്പെടാതെതന്നെ ഈ നിമിഷത്തിനുള്ളിൽ എണ്ണായിരത്തിൽപരം രൂപാ ഇതിനകം ഇവിടെ കിട്ടിയിട്ടുണ്ടു് എന്നു പരയുമ്പോൾ ഈ കാര്യത്തിൽ നമ്മുടെ അനുഗ്രഹിക്കപ്പെട്ട ജനങ്ങൾക്കു് ഉള്ള ആകാംക്ഷ എത്രമാത്രമെന്നു് ഊഹിക്കാവുന്നതാണല്ലൊ. ബാക്കി തുകകൂടെ പിരിഞ്ഞു കിട്ടേണ്ടതിലേക്കാണു് നാം ഈ കല്പന അയയ്ക്കുന്നതു്. 'നീതിമാന്റെ ഓർമ്മ വാഴ്വിനായിരിക്കും' എന്ന സങ്കീർത്തനക്കാരനും 'നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ' എന്നു് എബ്രായലേഖനകർത്താവും അനുസ്മരിപ്പിക്കുന്നു. സംഭാവനകളും കാണിക്കകളും നൽകുന്നവർക്കു് അനുഗ്രഹത്തിനും വാഴ്വിനും ഹേതു കാരണമായിത്തീരും. അതിനാൽ നമ്മുടെ പള്ളികളും വാരസല്യമക്കളും പ. പിതാവിന്റെ കബറിടനിർമ്മാണത്തിൽ ഉദാരമായി സഹകരിക്കുകയും ഏറ്റവും പൂർവ്വമായ സംഭാവനകൾ എത്രയുംവേഗം കബർപണി കമ്മിറ്റി ഖജാൻജി, നമ്മുടെ ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ (കാതോലിക്കേറ്റു് അരമന, മുട്ടമ്പലം, കോട്ടയം) പേർക്കു് അയച്ചുകൊടുക്കുകയും ചെയ്യണമെന്നു് നിങ്ങളുടെ സ്നേഹത്തോടു് നാം അറിയിക്കുന്നു. പരിശുദ്ധ പിതാവിന്റെ കേൾക്കപ്പെട്ടതും അംഗീകരിക്കപ്പെട്ടതുമായ മദ്ധ്യസ്ഥത നിങ്ങൾക്കു് കോട്ടയായിരിക്കും.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1967 മേയ്മാസം 24–ാംതീയതി കോട്ടയം കാതോലിക്കേറ്റു് അരമനയിൽനിന്നും.

അങ്കമാലിമെത്രാസനം – പ. ബാവാ തിരുമനസ്സിലെ കല്പന

നമ്മുടെ അങ്കമാലി മെത്രാസനയിടവകയുടെ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ഈ മാസം 6–ാം തീയതി ഞായറാഴ്ച ആകസ്മികമായി ദിവംഗതനാകയും നാമെല്ലാവരും ചേർന്ന് 7–ാം തീയതി അദ്ദേഹത്തിന്റെ കബറടക്കശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്തിരിക്കയാണല്ലൊ. കഴിഞ്ഞ 13 വർഷക്കാലം അദ്ദേഹം തന്റെ ഇടവകയ്ക്കും ആത്മീയ ആട്ടിൻക്കൂട്ടത്തിനും വേണ്ടി നിരന്തരം അദ്ധ്വാനിച്ചു. സഭയിൽ തന്റെ ചുമതലകളും ശരിയായി നിർവ്വഹിച്ചു. ഓട്ടം തികച്ചു, വിശ്വാസം കാത്തു. നല്ലവണ്ണം അദ്ധ്വാനിച്ച ദാസനെ വിശ്രമത്തിലേക്ക് വിളിക്കാൻ തോട്ടത്തിന്റെ ഉടമസ്ഥനായ നമ്മുടെ കർത്താവിനു തിരുവിഷ്ടമായി. അദ്ദേഹത്തിന്റെ വിയോഗം നമ്മുടെ സഭയ്ക്കു കീപാത്രവായും ആ മെത്രാസനത്തിനു പ്രത്യേകിച്ചും വലിയ നഷ്ടവും നമുക്കെല്ലാവർക്കും അതീവദുഃഖകരവുമാണ്. എങ്കിലും സകലത്തിലും കർത്താവിന്റെ ഇഷ്ടത്തിനു നാം കീഴ്പ്പെടേണ്ടതാണല്ലൊ. നമ്മുടെ ആത്മീയമക്കളേവരും അദ്ദേഹത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും നോമ്പുനോക്കുകയും ചെയ്യണം. നമ്മുടെ പട്ടക്കാർ നാല്പതാം ദിവസംവരെ, വി. കുർബ്ബാന അർപ്പിക്കാവുന്ന എല്ലാ ദിവസങ്ങളിലും അദ്ദേഹത്തിനുവേണ്ടി വി. കുർബ്ബാന അർപ്പിക്കുകയും ചെയ്യണം.....

അങ്കമാലി മെത്രാസന ഇടവകയ്ക്ക് ഒരു മെത്രാപ്പോലീത്തായെ മറ്റൊരറിയിപ്പുകാർ നാം നിയമിക്കുന്നതുവരെ ആ മെത്രാസനം സഭാഭരണഘടന 95–ാം വകുപ്പനുസരിച്ച് നമ്മുടെ നേരിട്ടുള്ള ഭരണത്തിൽ ഇരിക്കുന്നതാകുന്നു.

ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആമ്മീൻ.

എന്നു്, 1966 നവംബർ 9–ാം തീയതി, ആലുവാ തൃക്കുന്നത്തു സിമ്മനാരിയിൽനിന്നും.

ത്തോടെ വസിക്കുക, ദേവാലയമെ സമാധാനത്തോടെ വസിക്കുക, വൈദികവൃന്ദവും ഭയരായക്കാരുമെ, നഗരവും അതിന്റെ ഗ്രാമങ്ങളുമെ സമാധാനത്തോടെ വസിക്കുക' എന്നിപ്രകാരമുള്ള പരേതാത്മാവിന്റെ കരളലിയിക്കുന്ന യാത്രചോദിക്കൽ പരേതനെ പ്രതിനിധീകരിച്ച് പ്രധാന കാർമ്മികൻ ഉച്ചത്തിൽ ചൊല്ലി. വൈദികവൃന്ദവും ജനതതിയും വേദനയോടെ 'ഞങ്ങളുടെ പിതാവെ, സമാധാനത്തോടെ പോകുക' എന്നു മറുപടിയായി പറഞ്ഞു. നഗരികാണിക്കലിനുശേഷം മൃതശരീരം ആലുവാ സിമ്മനാരിചാപ്പലിന്റെ വടക്കുവശമുള്ള കബർമുറിയിൽ പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ കബറിടത്തിനുതൊട്ട് പ്രത്യേകം തയ്യാർചെയ്ത കബറിൽ വച്ചു. കുന്തുരുക്കം കൊണ്ടു കബർ നിറച്ചു. അതിന്റെ വാതിലും അടയ്ക്കപ്പെട്ടു.

മാർ ഗ്രീഗോറിയോസ് തിരുമേനി തന്റെ വിദേശപര്യടനത്തിനു മുമ്പായി പൂർണ്ണആശംസ്സുകളും ധരിച്ച തന്റെ ചിത്രങ്ങളും അങ്കമാലി ഇടവകയിലെ എല്ലാ പള്ളികൾക്കും അയച്ചു കൊടുത്തിരുന്നു. തന്റെ ആത്മികമക്കളെ തന്നെ ഓർക്കുന്നതിനായി അദ്ദേഹം അപ്രകാരം ചെയ്കയായിരുന്നു. നമുക്ക് അദ്ദേഹത്തെ ഓർക്കാം, അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിക്കുകയും. ഈ പിതാവിന്റെ മദ്ധ്യസ്ഥത നമ്മോടുകൂടെയും ഉണ്ടായിരിക്കും.

(By Fr. T. V. George)

ഈ ലേഖനനിർമ്മാണത്തിനു് തൃക്കുന്നത്തുസിമ്മനാരിയിൽനിന്നും ഡീക്കൻ വറുഗീസ് കല്പപ്പുറം അയച്ചുതന്ന Notes സഹായകരമായിട്ടുണ്ടു്. (ലേ.)